(ബി) സംസ്ഥാന വനം വകുപ്പിന്റെ പരിധിയിൽ വരുന്ന ആകെ പാട്ടഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും ഏതെല്ലാം ജില്ലകളിൽ എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി വനംവകുപ്പിന്റെ അധീനതയിലുള്ള പാട്ടഭൂമിയുടെ പാട്ടം ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടിയെന്നും എന്തു തുക കുടിശ്ശികയായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു തുകയ്ക്കുള്ള സ്റ്റേ ആണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) പാട്ടം അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ് എന്നും പുതുക്കി നിശ്ചയിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ — ഇ) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി

127 [434] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, കെ. കെ. ജയചന്ദ്രൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ നിജസ്ഥിതി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) കാലാവധി കഴിഞ്ഞ പാട്ടഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ പാട്ടഭൂമിയാണ് പാട്ട കാലാവധി കഴിഞ്ഞതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പാട്ടവ്യവസ്ഥ പ്രകാരം എത്ര ഏക്കർ വനഭൂമിക്കാണ് പാട്ടക്കാർക്ക് നൽകിയിട്ടുള്ളത്; അവർ ആരെല്ലാമാണെന്നും ഓരോരുത്തരുടെയും കൈവശമുള്ള പാട്ടഭൂമി എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ അവ വീണ്ടും പാട്ടത്തിനു നൽകുമ്പോൾ പാട്ടത്തുക വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ജി) വനഭൂമിയുടെ പാട്ടത്തുക വർദ്ധിപ്പിക്കണമെന്ന നിയമസഭാ കമ്മിറ്റിയുടെ ശുപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്കൃതമല്ല.

(സി) ഉചിതമെന്നു കാണുന്നപക്ഷം കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ 7359.9039 ഹെക്ടർ പാട്ടഭൂമി പാട്ടകാലാവധി കഴിഞ്ഞതായിട്ടുണ്ട്.

(ഇ) വിശദവിവരമടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. † സംസ്ഥാനത്ത് ആകെ 65728.5139 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 6 പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 44601.843 ഹെക്ടർ, ഇതര സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കായി 11804.2998 ഹെക്ടർ, വിവിധ വ്യക്തികൾക്കായി 783.7268 ഹെക്ടർ കൂടാതെ ഗ്രാന്റ്സ് ആന്റ് ലീസസ് മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് ആക്ട്, 1980-ന്റെ പരിധിയിൽപെട്ട 8538.60 ഹെക്ടർ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾക്കായും പാട്ടത്തിന് നൽകിയിട്ടുണ്ട്.

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിലവിലുള്ള പാട്ടവാടകയാണ് പാട്ടം പുതുക്കി നൽകുമ്പോഴും ബാധകമാകുന്നത്.

(ജി) ഉണ്ട്. പരിഗണനയിലാണ്.

വനഭൂമി തട്ടിയെടുക്കൽ

128 [435] ശ്രീ. പി. എസ്. സുപാൽ:

" എൻ. രാജൻ:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജരേഖയുണ്ടാക്കി വനഭൂമി തട്ടിയെടുത്ത കേസുകളുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ എന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി ഇത്തരത്തിലുള്ള കേസുകളിൽപ്പെട്ട വനഭൂമി സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ വനഭൂമി ഇത്തരം തട്ടിയെടുക്കലിന് വിധേയമായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ട്രൈബ്യൂണലുകളിൽ നിലവിലുണ്ട് എന്നും എത്രയെണ്ണം കോടതിയിലുണ്ട് എന്നും അറിയിക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly